'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിനെ വ്യാവസായിക പരിശീലന വകുപ്പ് നടത്തുന്ന ഡാറ്റാ എൻട്രി ഓപ്പറേഷൻ കോഴ്സിന്റെ തത്തുല്യ/ഉയർന്ന യോഗ്യതയായി അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

പൊതു വിദ്യാഭ്യാസ (എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.5077/2019/പൊ.വി.വ തീയതി,തിരുവനന്തപുരം, 25/11/2019

പരാമർശം:- 18/3/2019 ലെ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറുടെ സി1/12488/2018 നമ്പർ കത്ത്

ഉത്തരവ്

തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിനെ വ്യാവസായിക പരിശീലന വകുപ്പ് നടത്തുന്ന ഡാറ്റാ എൻട്രി ഓപ്പറേഷൻ കോഴ്സിന്റെ തത്തുല്യ/ഉയർന്ന യോഗ്യതയായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിൽ നിവേദനം ലഭിക്കുകയുണ്ടായി.

2. തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന്റെയും സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് നടത്തുന്ന ഡാറ്റാ എൻട്രി ഓപ്പറേഷൻ കോഴ്സിന്റെയും സിലബസുകൾ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ സമിതിയിലെ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിനെ സംസ്ഥാന വ്യാവസായിക പരിശീലന വകുപ്പ് നടത്തുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർ കോഴ്സിന്റെ ശ്രേണിയിലെ ഉയർന്ന യോഗ്യതയായി പരിഗണിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഡയറക്ടർ ശുപാർശ ചെയ്യിരുന്നു.

3. ഇതിനെ തുടർന്ന് വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിനെ വ്യാവസായിക പരിശീലന വകുപ്പ്

നടത്തുന്ന ഡേറ്റാ എൻട്രി ഓപ്പറേഷൻ കോഴ്സിന്റെ തത്തുല്യ/ ഉയർന്ന യോഗ്യതയായി പരിഗണിക്കാവുന്നതാണെന്ന് വ്യാവസായിക പരിശീലന വകുപ്പും അഭിപ്രായപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി കോഴ്സായ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിനെ വ്യാവസായിക പരിശീലന വകുപ്പ് നടത്തുന്ന ഡാറ്റാ എൻട്രി ഓപ്പറേഷൻ കോഴ്സിന്റെ തത്തുല്യ/ഉയർന്ന യോഗ്യതയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ജ്യോതിലക്ഷ്മി എൽ**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ (തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം), തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം.

ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ് , തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ സമിതി (SCERT),തിരുവനന്തപുരം.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,

Signature valid

Digitally signed by PREMCHAND C P
Date: 2019.11.25 12:[illegible]:55 IST
Reason: Approved

സെക്ഷൻ ഓഫീസർ.